**പതിനാലാം കേരളനിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 551**

**28.09.2016-ൽ മറുപടിക്ക്**

**സൗമ്യ വധക്കേസ്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സൗമ്യ വധക്കേസിൽ സുപ്രീംകോടതി വിധിക്കെതിരെ പുനപരിശോധനാ ഹർജി നൽകാൻ ഉദ്ദേശമുണ്ടോ; | (എ) സൗമ്യ വധക്കേസ്സിൽ ബഹു: സുപ്രീംകോടതിയിൽ പുനഃപരിശോധനാ ഹർജി നൽകിയിട്ടുണ്ട്. |
| (ബി) സൗമ്യ വധക്കേസ്സിൽ സുപ്രീംകോടതിയിൽ പ്രോസിക്യൂഷൻ ഭാഗത്ത് സംഭവിച്ചത് ഗുരുതരമായ വീഴ്ചയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായവും നിലപാടും എന്താണ് എന്ന് വിശദമാക്കുമോ ; | (ബി) സൗമ്യ വധക്കേസ്സിൽ ബഹു: സുപ്രീംകോടതിയിൽ കേസ്സ് നടത്തുന്ന കാര്യത്തിൽ പ്രോസിക്യൂഷൻ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ല. ഈ കേസ് വാദിച്ചത് ബഹു: സുപ്രീംകോടതിയിലെ പ്രഗത്ഭനായ സീനിയർ അഭിഭാഷകനും കേരള ഹൈക്കോടതിയിലെ പ്രശസ്തനായ മുൻ ജഡ്ജിയുമായിരുന്ന ശ്രീ. തോമസ് പി. ജോസഫ് ആണ്. അദ്ദേഹത്തെ സംസ്ഥാനത്തിന്റെ സ്റ്റാന്റിംഗ് കൗൺസൽമാർ സഹായിക്കുകയും ചെയ്തിരുന്നു. |
| (സി) കേസിലെ നിർണായക വിവരങ്ങൾ കൈവശമുള്ള അഭിഭാഷകർ, ഫോറൻസിക്ക് സർജൻ, അന്വേഷണ ഉദ്യോഗസ്ഥൻ എന്നിവരുമായി ചർച്ചകളൊന്നും നടത്താതെയാണ് സർക്കാർ അഭിഭാഷകൻ സുപ്രീംകോടതിയിൽ ഹാജരായതെന്നും ഇതാണ് IPC 302പ്രകാരമുള്ള കൊലക്കുറ്റം തെളിയിക്കാൻ കഴിയാതെ പോയതെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടിയതിനെക്കുറിച്ചുള്ള അഭിപ്രായം എന്താണെന്ന് വ്യക്തമാക്കാമോ? | (സി) കേസ്സിന്റെ റിക്കാർഡുകൾ പരിശോധിച്ച് വിശദമായി പഠിച്ചതിനുശേഷമാണ് സീനിയർ അഭിഭാഷകൻ ബഹു: സുപ്രീംകോടതിയിൽ വാദം നടത്തിയത്. ഇതു സംബന്ധിച്ച് കീഴ്ക്കോടതിയിൽ കേസ്സ് നടത്തിയ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. സുരേശനുമായി സ്റ്റാന്റിംഗ് കൗൺസിൽ ടെലഫോണിൽ സംസാരിച്ചിട്ടുണ്ട്. IPC 302 വകുപ്പ് പ്രകാരമുള്ള കൊലക്കുറ്റം തെളിയിക്കുന്നതിനാവശ്യമായ മതിയായ തെളിവുകൾ ഉണ്ട് എന്ന് പ്രോസിക്യൂഷൻ ശക്തിയുക്തമായി വാദിക്കുകയും അതിന് ഉപോത്ബലകമായി സമാനമായ വേറെ ഒരു കേസ്സിലെ ബഹു: സുപ്രീംകോടതിയുടെ വിധിപ്പകർപ്പ് കോടതിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ബഹു: സുപ്രീംകോടതിയുടെ നിഗമനം ഇക്കാര്യത്തിൽ ശരിയല്ല എന്ന വിദഗ്ധ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കേസ്സിൽ പുനഃപരിശോധനാ ഹർജി നൽകിയത്. പുനഃപരിശോധനാ ഹർജിയിൽ ഹാജരാകുന്നതിന് ബഹു: അറ്റോർണി ജനറൽ ഓഫ് ഇന്ത്യ ശ്രീ. മുകുൾ റോഹ്ത്തഗിയെ കേരള സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**